**ഗ്രാസിം കമ്പനിക്ക് നൽകിയ സ്ഥലം വീണ്ടെടുക്കാൻ നടപടി**

212 [3184] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാസിം കമ്പനിയിലെ കാഷ്വൽ കരാർ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രി മുൻകൈ എടുത്ത് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

മാവൂരിലെ ഗ്രാസിം കമ്പനി വക പൾപ്പ്, ഫൈബർ ഫാക്ടറികൾ മാനേജ്മെന്റ് അടച്ചുപൂട്ടുകയും ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് സ്ഥിരം തൊഴിലാളികൾക്കെല്ലാം നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിനു ശേഷം, പ്രസ്തുത ഫാക്ടറികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന കാഷ്വൽ, കരാർ തൊഴിലാളികൾ തങ്ങൾക്കും നഷ്ടപരിഹാരവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണം എന്ന് ആവശ്യപ്പെട്ട് 2001 മുതൽതന്നെ പ്രക്ഷോഭം നടത്തിവരികയാണ്.

തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിരവധി തവണ ചർച്ച നടത്തുകയുണ്ടായി. കരാർ, കാഷ്വൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുവാൻ തങ്ങൾക്ക് നിയമപ്രകാരം ബാദ്ധ്യതയില്ല എന്നും അതിനാൽ യാതൊരു നഷ്ടപരിഹാരവും നൽകില്ലായെന്നുമാണ് മാനേജ്മെന്റിന്റെ നിലപാട്.

ഈ വിഷയത്തിൽ ഡിപ്പാർട്ട്മെന്റ് ഇടപെട്ട് പ്രശ്നപരിഹാരത്തിനായി 2002 ജൂലൈ മാസം മുതൽതന്നെ ശ്രമം നടത്തിവരികയായിരുന്നു. തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും പലതവണ ചർച്ച നടത്തിയിട്ടുണ്ട്. അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടതിനാൽ വ്യവസായതർക്ക നിയമത്തിലെ 12(4) വകുപ്പനുസരിച്ചുള്ള റിപ്പോർട്ട് ലേബർ കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

**കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് പ്രോജക്ട്**

213 [3185] *ഡോ. തോമസ് ഐസക്:*
*ശ്രീ. എം. വി. ജയരാജൻ:*
*,, വി. ചെന്താമരാക്ഷൻ:*
*,, മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് എന്ന പ്രോജക്ട് എന്നാണ് ആരംഭിച്ചത്;

(ബി) ഈ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ലക്ഷ്യം പൂർത്തീകരിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഇ) കേന്ദ്ര ആസൂത്രണ കമ്മീഷനിൽനിന്നും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(എഫ്) കേന്ദ്ര ആസൂത്രണ കമ്മീഷൻ നൽകിയ വായ്പതുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ജി) വായ്പതുക യഥാസമയം ചെലവഴിക്കാത്തതിന്റെ ഫലമായി വായ്പയിൻമേലുള്ള പലിശയായി കോടിക്കണക്കിന് രൂപ കൊടുക്കേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ എത്ര;

(എച്ച്) ഇൻഫർമേഷൻ കേരള മിഷന് സംസ്ഥാന സർക്കാർ ഇതിനകം എന്തു തുകയാണ് നൽകിയിട്ടുള്ളത്; ഇതിൽ എന്തു തുക ചെലവഴിച്ചു;

(ഐ) സംസ്ഥാനത്തെ ഏതെല്ലാം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കമ്പ്യൂട്ടർവൽക്കരണം ഐ. കെ. എം.-നെ ഏൽപ്പിച്ചത്;

(ജെ) ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) 1999 ആഗസ്റ്റ് 12

(ബി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(സി) ഭാഗികമായി കൈവരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.††

(ഡി) അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്.†††

(ഇ) ഉണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ത്രിതല പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിനായി അഡീഷണൽ സെൻട്രൽ അസിസ്റ്റന്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുക താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 1997-1998 | .. | 11 കോടി |
| 1998-1999 | .. | 10 കോടി |
| 1999-2000 | .. | 12 കോടി |
| ആകെ | | 33 കോടി |

† അനുബന്ധം XI കാണുക.
†† അനുബന്ധം XI (എ) കാണുക.
††† അനുബന്ധം XI (ബി) കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല. ഈ തുകയിൽ 23.18 കോടി രൂപ ഐ. കെ. എം.-ന് ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം IV-ൽ ചേർത്തിട്ടുണ്ട്.†

(ജി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(എച്ച്) സംസ്ഥാന സർക്കാർ പദ്ധതിവിഹിതമായി 31-3-2005 വരെ 3.33 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക മൊത്തവും ചെലവഴിച്ചു. അധിക കേന്ദ്രസഹായമായി ലഭ്യമായ 33 കോടി രൂപയിൽ 23.18 കോടി രൂപ ഐ. കെ. എം.-ന് ലഭിച്ചിട്ടുണ്ട്. ഈ തുകയിൽ ഐ. കെ. എം. 31-3-2005 വരെ 15.25 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ഐ) എല്ലാ നഗരപാലികാ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഉത്തരവാദിത്വം ഇൻഫർമേഷൻ കേരള മിഷനാണ്.

(ജെ) വെള്ളനാട്, തളിക്കുളം എന്നീ ഗ്രാമപ്പഞ്ചായത്തുകളിലാണ് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പ്രഖ്യാപനം നടത്തിയിട്ടുള്ളത്.

## തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിനെതിരെ നടപടി

214 [3186] *ശ്രീ. എം. മുരളി:*
*,, ടി. യു. രാധാകൃഷ്ണൻ:*
*പ്രൊഫ. എ. ഡി. മുസ്തഫ:*
*ശ്രീ. കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതിത്തുകയിൽനിന്നും അവ വകമാറ്റി ചെലവ് ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടക്കേണ്ട പദ്ധതിപ്രവർത്തനം യഥാവിധി നടക്കുന്നുണ്ടോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനം ഉറപ്പു വരുത്തുവാൻ എന്തു നടപടിയെടുത്തു;

(ഡി) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇക്കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾക്കു നൽകിയ തുക എത്ര;

(ഇ) പ്രസ്തുത തുകയിൽനിന്ന് അവ എന്തു തുക വീതം വകമാറ്റി ചെലവ് ചെയ്തിട്ടുണ്ട്?

---

† അനുബന്ധം XI (സി) കാണുക.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം XI

[5-8-2005-ലെ ചോദ്യം നമ്പർ 213 (3185)-ന്റെ ഉത്തരം ദയവായി കാണുക]

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| *ലക്ഷ്യം നമ്പർ* | *ഉദ്ദേശ്യലക്ഷ്യങ്ങൾ* |
|---|---|
| 1 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പിന്റെ ജില്ല, റീജിയണൽ, സംസ്ഥാനതല ഓഫീസുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ ആസൂത്രണ ഓഫീസുകൾ എന്നിവയെ ഒരു കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുക. |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മോണിറ്ററിംഗ് കമ്പ്യൂട്ടർശൃംഖലയിലൂടെ നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുക. |
| 3 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, അതിൽ അക്കൗണ്ടിംഗ്, ഫിനാൻസ്, പൊതു സേവനങ്ങൾ, സാധനങ്ങൾ വാങ്ങൽ, നിർമ്മാണപ്രവർത്തനങ്ങൾ, ഭരണ സംബന്ധമായ കാര്യങ്ങൾ എന്നിവ ഉൾപ്പെടും. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനങ്ങളും തമ്മിൽ നേരിൽ ബന്ധപ്പെടുന്ന കാര്യങ്ങളിൽ കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് പ്രാദേശിക തലത്തിൽ വിവരസഞ്ചയങ്ങളും സേവനങ്ങളും കരുപ്പിടിപ്പിക്കുക, അതിലൂടെ തദ്ദേശഭരണത്തിലെ ഉത്തരവാദിത്വത്തിലും സുതാര്യതയിലും കാര്യക്ഷമതയിലും ഒരു കുതിച്ചുചാട്ടം തന്നെ സാദ്ധ്യമാക്കുകയും സാമൂഹ്യ സുരക്ഷാ ശൃംഖലയെ ശക്തിപ്പെടുത്തുകയും ചെയ്യുക. |
| 4 | തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അർത്ഥവത്തായ വികേന്ദ്രീകൃതാസൂത്രണത്തെ സഹായിക്കുന്നതിന് ഒരു സംയോജിത സൂക്ഷ്മതല വിഭവാധിഷ്ഠിത വികസന വിവരസഞ്ചയം വികസിപ്പിക്കുക. |
| 5 | ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ പരിശീലനം നൽകുകയും, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുടെ വിന്യാസത്തിനുശേഷം ഒരു വർഷത്തേക്ക് പുതിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിൽ ഉപയോക്താക്കളെ സഹായിക്കുകയും ചെയ്യുക. |
| 6 | ശൃംഖലയുടെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് നിരന്തരമായ സാങ്കേതിക സഹായം ഉറപ്പുവരുത്തുക. |

GPM. 2/609/2012—79



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം XI (എ)

[5-8-2005-ലെ 213 (3185)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

### ഇൻഫർമേഷൻ കേരള മിഷൻ

| ലക്ഷ്യം നമ്പർ | കൈവരിച്ച നേട്ടങ്ങൾ |
|---|---|
| 1 | പദ്ധതിയുടെ സാധ്യത പരിശോധിക്കുന്നതിന്റെകൂടി ഭാഗമായി 238 കേന്ദ്രങ്ങളിൽ ഓപ്പറേഷൻ ഇൻഫർമേഷൻ കേരള പരിപാടി (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് റിപ്പോർട്ടിംഗ്) യുടെ ഭാഗമായി ട്രയൽറൺ നടത്തി. |
| 1 | 531 ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും 272 ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായും ഭൗതീക സൗകര്യങ്ങൾ (Site readiness) തയ്യാറാക്കി. 9-ാം പഞ്ചവൽസര പദ്ധതിയുടെ ഒന്നാം വർഷത്തിലും രണ്ടാം വർഷത്തിലും പ്ലാനിംഗ് സെല്ലിൽ നിന്നും 991 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ വിവരങ്ങളും 78 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവു വിവരങ്ങളും ക്രോഡീകരിക്കുന്നതിന് സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ സഹായം നൽകി. |
| 2 | ഒരു ജില്ലയിൽ 652 ഇംപ്ലിമെന്റിംഗ് ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രോജക്ട് വിവരങ്ങളുടെ ക്രോഡീകരണവും 78 ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി ചെലവുകളുടെ ക്രോഡീകരണവും നടത്തി. |
| 2 | ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ 1214 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 5 വർഷത്തെ പദ്ധതികളുടെ രൂപീകരണ വിവരങ്ങളുടെയും പദ്ധതി ചെലവുകളുടെയും ക്രോഡീകരണം നടത്തി. |
| 2 | പത്താം പഞ്ചവൽസര പദ്ധതിയിൽ 1215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് രൂപീകരണ വിവരങ്ങളും, 1181 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർഷാന്ത്യക്കണക്ക് വിവരങ്ങളും ക്രോഡീകരിച്ചു. |
| 2 | സംസ്ഥാനത്ത് ഒരു ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ സമഗ്ര പദ്ധതി മോണിറ്ററിംഗ്, ജില്ലാ ആസൂത്രണസമിതി നടപടികളുടെ ശാക്തീകരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ നടപടികളെ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ-ബ്ലോക്ക്തല ഹെൽപ്പ്ഡെസ്ക്കുകൾ എന്നിവ നടപ്പിലാക്കി. 'അക്ഷയ' പദ്ധതിയുമായി സംയോജിപ്പിച്ചാണ് ഈ പ്രവർത്തനം നടത്തിയത്. സംസ്ഥാനതലത്തിൽ നിർവ്വഹണം നടത്തുന്നതിനായി ഒരു മാതൃക വികസിപ്പിച്ചു. |

LIBRARY ARCHIVES Kerala Legislative Assembly

| ലക്ഷ്യം നമ്പർ | കൈവരിച്ച നേട്ടങ്ങൾ |
|---|---|
| 3 | സർവ്വീസ് ഓട്ടോമേഷന്റെ ഭാഗമായി പദ്ധതി മോണിറ്ററിംഗ്, സേവന പ്രദാനം, എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ്, റവന്യൂ, വർക്ക്ഫ്ലോ (File Movement) പഞ്ചായത്ത്‌രാജ് നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ എൻസൈക്ലോപീഡിയ രൂപത്തിലുള്ള വിവരസഞ്ചയം, സ്റ്റാറ്റ്യൂട്ടറി സംവിധാനങ്ങളുടെ തീരുമാനങ്ങൾ എന്നീ മേഖലകൾ കൈകാര്യം ചെയ്യുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വികസിപ്പിച്ചു. ഈ സോഫ്റ്റ്വെയറുകളുടെ 100 വെർഷനുകൾ ഇതിനകം വിന്യസിപ്പിച്ചു. |
| 3 | മാനവകേന്ദ്രീകൃതമായ സോഫ്റ്റ്വെയർ വികസനത്തിനുള്ള രീതിശാസ്ത്രം വികസിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംവിധാനപഠനം, ഉദ്യോഗസ്ഥരുടെ ശാക്തീകരണം എന്നിവയിൽ ഊന്നിയാണ് ഇത് വികസിപ്പിച്ചത്. |
| 3 | മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ സോഫ്റ്റ്വെയറുകൾ, പരിശീലന സാമഗ്രികൾ എന്നിവ തയ്യാറാക്കി. |
| 4 | അർത്ഥവത്തായ വികേന്ദ്രീകൃതാസൂത്രണത്തെ സഹായിക്കുന്നതിനായി മലപ്പുറം ജില്ലയിൽ അക്ഷയ പദ്ധതിയുമായി ബന്ധപ്പെടുത്തി 'സമന്വയ' എന്ന പേരിൽ സംയോജിത സൂക്ഷ്മതല വിഭവാധിഷ്ഠിത വികസന വിവരസഞ്ചയം വികസിപ്പിച്ചു. ഒരു പൈലറ്റ് മോഡലായാണ് ഇത് വികസിപ്പിച്ചത്. |
| 5 | കമ്പ്യൂട്ടർ അടിസ്ഥാനപരിശീലനത്തിനുള്ള മലയാളഭാഷയിൽ ആദ്യത്തെ പരിശീലന പുസ്തകം തയ്യാറാക്കി. കൂടാതെ, ഓരോ സോഫ്റ്റ്വെയർ ആപ്ലിക്കേഷനും പഠിപ്പിക്കുന്നതിന് പ്രത്യേക കൈപ്പുസ്തകങ്ങൾ തയ്യാറാക്കി. 13 സോഫ്റ്റ്വെയർ മാനുവലുകൾ, 3 അഭ്യാസ പുസ്തകങ്ങൾ, 2 ജനറൽ പുസ്തകങ്ങൾ, ഒരു FAQ എന്നിവയാണ് പരിശീലനത്തിനായി തയ്യാറാക്കിയത്. |
| 5 | ഉദ്യോഗസ്ഥരും, ജനപ്രതിനിധികളുമായി 2981 പേർക്ക് കമ്പ്യൂട്ടറിൽ അടിസ്ഥാന പരിശീലനവും സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ പരിശീലനവും നൽകി. 13007 വ്യക്തികൾ വിവിധ ആപ്ലിക്കേഷൻ വികസനത്തിനും, നിർവ്വഹണത്തിനും, പ്രക്രിയാപഠനങ്ങൾ നടത്തുന്നതിനുള്ള ശില്പശാലകളിൽ പങ്കെടുത്തു. |
| 6 | മുനിസിപ്പാലിറ്റികളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൽ 'സേവന' 'സ്ഥാപന' എന്നീ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ വിന്യസിക്കുന്നതിന് പത്താം പഞ്ചവൽസര പദ്ധതി രൂപീകരണ വിവരങ്ങളും ചെലവ് വിവരങ്ങളും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന പ്രവർത്തനത്തിലും ജില്ലാ-സംസ്ഥാന ഹെൽപ്പ്ഡെസ്കുകൾ രൂപീകരിച്ച് പൈലറ്റ് പ്രവർത്തനം നടത്തുകയുണ്ടായി. |

GPM. 2/609/2012—80



LIBRARY ARCHIVES Kerala Legislative Assembly

**അനുബന്ധം XI (ബി)**

[5-8-2005-ലെ 213 (3185)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

അനുബന്ധം III

**ഇൻഫർമേഷൻ കേരള മിഷൻ**

*ചില ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കാലതാമസം —കാരണങ്ങൾ*

1. സംസ്ഥാനതല നിർവ്വഹണത്തിനുവേണ്ടി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി വിന്യസിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈമാറിക്കൊള്ളുന്നതിൽ വന്നിട്ടുള്ള കാലതാമസം.
2. പൈലറ്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ എല്ലാവിധ ഉത്തരവാദിത്വങ്ങളും ഐ.കെ.എം. നേരിട്ട് ചെയ്യേണ്ടതായിവന്നു. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉദ്ദേശിച്ച ഉയർന്ന നിലവാരത്തിൽ എത്തിയില്ല.
3. ഐ.കെ.എം. ഒരു സ്ഥിരം സംവിധാനമല്ലാത്തതിനാൽ ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

**അനുബന്ധം XI (സി)**

[5-8-2005-ലെ 213 (3185)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

INFORMATION KERALA MISSION

**Details of Fund received from Govt. as Additional Central Assistance**

| *Reference No.* | *Date* | *Amount* |
|---|---|---|
| (1) | (2) | (3) |
| | | Additional Central Assistance |
| | | **Year 1999-2000** |
| G.O.(Rt.) 7367/IT/1999/SPB | | 4,50,000.00 |
| G.O.(Rt.) 8363/IT/1999/SPB | | 5,00,000.00 |
| G.O.(Rt.) 9350/IT/1999/SPB | | 5,00,000.00 |
| G.O.(Rt.) DD No: 37807/TL | | 5,00,000.00 |
| G.O.(Rt.) 1440/2000/IT/SPB | | 5,00,000.00 |
| G.O.(Rt.) 1443/2000/IT/SPB | | 2,75,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 14,22,000.00 |
| | | **41,47,000.00** |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| | | **Year 2000-2001** |
| G.O.(Rt.) 2429/2000/IT/SPB | | 1,25,80,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 30,00,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 10,00,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 15,00,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 5,00,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 5,00,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 5,00,000.00 |
| G.O.(Rt.) 2429/2000/IT/SPB | | 5,00,000.00 |
| DD.No. 318549 | | 18,98,652.00 |
| G.O.(Rt.) 2429/2000/IT/SPB | | 4,60,000.00 |
| | | **2,24,38,652.00** |
| | | **Year 2001-2002** |
| | | **LSGD** |
| G.O.(Rt.) 2387/LSGD | 24-2-2001 | 15,00,000.00 |
| G.O.(Rt.) 2759/2001/LSGD | 27-8-2001 | 10,00,000.00 |
| G.O.(Rt.) 337/2001/LSGD | 1-1-2001 | 30,00,000.00 |
| G.O.(Rt.) 243/LSGD | 19-1-2001 | 5,00,000.00 |
| G.O.(Rt.) 243/LSGD | 19-1-2001 | 7,00,000.00 |
| G.O.(Rt.) 621/2002/LSGD | 20-3-2002 | 8,00,000.00 |
| | | **75,00,000.00** |
| | | **Year 2002-2003** |
| G.O.(Rt.) 3623/2002/LSGD | 27-12-2002 | 94,82,057.00 |
| G.O.(Rt.) 3237/2002/LSGD | 19-11-2002 | 1,25,00,000.00 |
| G.O.(Rt.) 3380/2002/LSGD | 30-11-2002 | 20,00,000.00 |
| | | **2,39,82,057.00** |
| | | **Year 2003-2004** |
| G.O.(Rt.) 2676/2003/LSGD | 18-7-2003 | 2,37,36,250.00 |
| | | **2,37,36,250.00** |
| | | **Year 2004-2005** |
| G.O.(Rt.) 756/2004/LSGD | 25-2-2004 | 5,00,00,000.00 |
| G.O.(Rt.) 1026/2005/LSGD | 18-3-2005 | 10,00,00,000.00 |
| | | **15,00,00,000.00** |
| | | **23,18,03,959.00** |

LIBRARY ARCHIVES Kerala Legislative Assembly